No.DWCD/2772/2023-ICDSA1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 28-01-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി - 2023-24 സാമ്പത്തിക വർഷത്തെ അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) - പ്രിന്റിംഗ് - തുക മാറി നൽകുവാൻ സാധിക്കാത്തത് സംബന്ധിച്ച്.

സൂചന:- 1.വനിതശിശുവികസന ഡയറക്ടറുടെ 20.05.2024 തീയതിയിലെ DWCD/2772/2023-ICDSA1 നം. ഉത്തരവ്.
2.കണ്ണൂർ പ്രോഗ്രാം ഓഫീസറുടെ 17.12.2024 തീയതിയിലെ DICDSC/KNR/131/24-C നമ്പർ കത്ത്.

സംസ്ഥാനത്തെ അങ്കണവാടികൾക്ക് 2023-24 വർഷത്തെ അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും ഫണ്ടും ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സൂചന (1) പ്രകാരം നൽകിയിരുന്നു. ആയതിൽ മുൻ വർഷം പ്രിന്റ് ചെയ്യിട്ടില്ലാത്തതും, ഏറ്റവും അത്യാവശ്യമുള്ള ഫോമുകളും രജിസ്റ്ററുകളും കൂടി പ്രിന്റ് ചെയ്യുന്നതിനും അനുമതി നൽകിയിരുന്നു.

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഐ.സി.ഡി.എസ്സിലെ അങ്കണവാടികൾക്കാവശ്യമായ രജിസ്റ്ററുകൾ കണ്ണൂർ ഗവ.പ്രസ്സ് മുഖേന പ്രിന്റ് ചെയ്ത് വിതരണം ചെയ്തിരുന്നുവെങ്കിലും ഗവ.പ്രസ്സ് അസിസ്റ്റന്റ് സൂപ്രണ്ടിന്റെ പേരിൽ നിലവിൽ ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിനാൽ തുക മാറി നൽകുവാൻ സാധിച്ചിട്ടില്ല എന്നും, ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്കോ, ചെക്ക്/ഡി.ഡി. ആയോ തുക ഒടുക്കുന്നതിന് ഗവ.പ്രസ്സിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ടെന്നും ആകയാൽ അടിയന്തിര ഇടപെടൽ നടത്തി തുക മാറുന്നതിനുള്ള സാഹചര്യം ഒരുക്കണമെന്ന് സൂചന (2) പ്രകാരം കണ്ണൂർ പ്രോഗ്രാം ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സമാന സാഹചര്യം മറ്റ് പ്രോജക്ടുകളിൽ നിലനിൽക്കുന്നുവെങ്കിൽ പ്രസ്തുത വിവരം മടക്കതപാലിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

പകർപ്പ്

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും